
മഴ

# ഉള്ളടക്കം

ചരിത്രം....................................................................................................4

കവിത.........................................................................................................6

കാർട്ടൂൺ......................................................................................................7

കവിത.........................................................................................................8

ചിത്രം...........................................................................................................9

ചിത്രം...........................................................................................................10

കവിത.........................................................................................................11

കാർട്ടൂൺ......................................................................................................12

ചിത്രം...........................................................................................................13

## മാഗസിന്റെ പിന്നിൽ

മന്യ

രാജിത്ത്

അഖില

വിനീത

സുജന്യ

ടിൻസി

അമൽ

അമ്പിളി

ജിഷ്ണു

അഭിഷേക്

പുഷ്പ

ഷിബു

ജിഷ്ണു

ജിത്തു

ജയകൃഷ്ണൻ

## ആമുഖം

സാങ്കേതിക വദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഐ. ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഇരുളം ഗവ.ഹൈസ്കൂളിലും നടന്നുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായ ഇ-മാഗസിൻ മഴ പ്രസിദ്ധദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷംഅറിയിക്കുന്നു. മാഗസിൻ നിർമ്മണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദനങ്ങൾ. സാങ്കേതിക വിദ്യയിൽ അഭിരുചിയുള്ള ഒരു തലമുറയെ രൂപടപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിതിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്,

ഒപ്പ്
മുഹമ്മദ് ഷാ കെ (എച്ച്.എം)

# ചരിത്രം

സംസ്കാരങ്ങളുടെസംഗമഭൂമിയാണ്ഇരുളം
.വിവിധഗോത്രവിഭാഗങ്ങൾ,കുടിയേറ്റകർഷകജനതഎന്നിവർഇരുളത്ത് വസിക്കുന്നു.പ്രാചീനകാലം മുതൽ തന്നെ ഒരു ജനവാസകേന്ദ്രമായിരുന്നു ഇരുളവും സമീപ പ്രദേശങ്ങളും.മഹാശിലായുഗ സംസ്കാരത്തിന്റെ- ശേഷിപ്പുകളായ വീരക്കല്ലുകൾ നവീനശിലായുഗ സ്മരണയുണർ-ത്തുന്ന കല്ലൂളി ,കന്മഴ എന്നിവ ഇരുളംപ്രദേശങ്ങളിലെ ജനവാസ- രേഖകളായി വിദൂര ഭൂതകാലത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. വിവിധ ആദിവാസിഗോത്രങ്ങൾ വളരെക്കാലം മുമ്പ്തന്നെ ഇവിടെ ജീവിച്ചുവന്നു. കൃഷി,മീൻപിടിത്തം നായാട്ട് മുതലായവ പ്രധാനഉപജീവന മാർഗ്ഗമായിരുന്നു.സ്വതേ ശിന്തരും സൗമ്യരുംസമാധാനപ്രിയരുമായ ഗൗഡർ കുടിയേറ്റകർഷകരുടെ വരവോടെ സ്വദേശത്തേയ്ക്ക് മടങ്ങി.ഗൗഡർ വിഭാഗത്തിൽപ്പെട്ട ചില കുടുംബങ്ങൾ ഇപ്പോളും ഇവിടെ താമസിക്കുന്നു. വിവിധ ഗോത്രസംസ്കൃതികളുടെ വിളഭൂമി കൂടിയാണ് ഇരുളം.പണിയർ,

അടിയാൻ കുണ്ടുവാടിയൻ എന്നിവർ ഇവരിൽ-ചിലരാണ്.ആചാരാനുഷ്ഠാനങ്ങൾകലകൾ വാദ്യോപകരണങ്ങൾ- മുതലായവ തനിമയോടെ ഇന്നും ഇവർ കാത്തുസൂക്ഷിക്കുന്നു.ഗോത്ര- സംസ്കാരങ്ങളുടെ പിൻതുടർച്ചക്കാർ വിദ്യാഭ്യാസപരമായും തൊഴി- ൽപരമായും വികസനത്തിന്റെ പാതയിലാണ്. ഏറെക്കുറെ അറുപതു വർഷങ്ങൾക്കു മുമ്പ്തന്നെ കുടിയേറ്റം ആരംഭിച്ചിരുന്നു.തിരുവിതാംകൂറിൽനിന്നും പലകാലങ്ങളി-

ലായി ഇവിടെ എത്തിയ കർഷകജനത ഇരുളംപ്രദേശങ്ങളിലെ കന്നി-മണ്ണിൽ കനകം വിളയിച്ചു.കാട്ടാനയോടും കാട്ടുപോത്തിനോടും,മല- മ്പനിയോടും മല്ലടിച്ച ആദ്യകാല കർഷകരുടെ യാതനകളും വേദനകളും വിവരണാതീതമാണ്. കപ്പ, വാഴ,ചോളം,നെല്ല്,വരക്,ചാമ,മക്കച്ചോളം,മുതലായവ ഇവിട്ടത്തെ ആദ്യ കാലവിളകളായിരുന്നു.അന്നത്തെചി-ലനെൽവിത്തുകളുടെ പേരുകൾ ഓർമ്മിക്കുന്നത് നന്നായിരിക്കും.-വെളിയൻ,തോണ്ടി,പുന്നാടൻതോണ്ടി,അടുക്കൻ ,ജീരകശാല മുത-ലായവ ഇവയിൽ ചിലതാണ്. മനോഹരയമായ ഒരുകാർഷിക കൂട്ടായ്മ ഇവിടെ നിലനിന്നിരുന്നു.ഗൃഹനിർമ്മാണം മുതൽകൃഷിപ്പണികൾവരെ ഇടുത്തടുത്ത കുടും- ബങ്ങൾ സഹകരിച്ചാണ് ചെയ്തിരുന്നത്.ഇത്തരം കൂട്ടായ്മകള് കൊ- ച്ചു കൊച്ചു കാര്ഷിക കൂട്ടായ്മകള് തന്നെയായിരുന്നു.കാലത്തിന്റെ- കുത്തോഴുക്കിൽ ഈ ആചാരകങ്ങൾക്കെല്ലാം മാറ്റമുണ്ടായി.ജീവിത- ത്തിന്റെ സമസ്ത മേഖലകളിലും ഈമാററം ദൃശ്യമായി.

1961-ൽഅങ്ങാടിശ്ശേരിയിലെശ്രീചണ്ടിച്ചെട്ടി,ഇരുളത്തെശ്രീ.രാമൻ കുട്ടി എന്നിങ്ങനെ ചില രക്ഷാകർത്താക്കളുടെ ശ്രമഫലമായി കുട്ടികളിൽ നിന്നും ഫീസ്സ് വാങ്ങികുടിപ്പള്ളിക്കൂട മാതൃകയിൽ സ്കൂൾ ആരംഭിച്ചു. 1962-ൽ മുള്ളൻക്കൊല്ലിസ്കൂൾ അധ്യാപകനായിരുന്ന ശ്രീ. പി.സി. തോമസിന്റെ സഹായത്തോടെ ശ്രീ.ചണ്ടിച്ചെട്ടിയുടെ നേതൃത്വത്തിൽ സർക്കാരിൽനിന്നും എൽ പി.സ്കൂളിന്അംഗീകാരംനേടി. ശ്രീ.കക്കോടൻമമ്മുഹാജി സ്ഥലംസൌജന്യമായി നൽകി.ശ്രീ.കക്കോടൻമമ്മുഹാജിയുടേയും നാട്ടുകാരുടെയുംഉദാരമനസ്കത കെട്ടിടനിർമ്മാണത്തിന്സഹായമായി. ശ്രീചണ്ടിച്ചെട്ടി,ഇരുളത്തെശ്രീ.രാമൻകുട്ടിഅയ്യപ്പൻചേട്ടൻ, കുഞ്ഞൻചെട്ടി,സി.എൻകൃഷ്ണൻകുട്ടി എന്നിവർ നേതൃത്വം വഹിച്ചു. 1974-ൽ യു.പി സ്കൂൾ ആയും 1980-ൽ ഹൈസ്കൂൾ ആയും ഉയർത്തി. 1983 മുതൽ 2000 വരെ ഷിഫ്റ്റ് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്.ഇപ്പോൾ 793 വിദ്യാത്ഥികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 27 അധ്യാപകരും സാമാന്യം ഭേദപ്പെട്ട ഭൌതിക സൌകര്യങ്ങളും

ഉണ്ട്.എസ്സ്.എസ്സ്.എൽ.സി വിജയശതമാനം ക്രമേണ ഉയർത്തി2008-ൽ 100 ശതമാനം വിദ്യാർത്ഥികളേയും മികച്ച ഗ്രേഡുകളോടുകൂടി വിജയിപ്പിക്കുവാൻ കഴിഞ്ഞു.

# നാടിന്റെ നൻമയ്ക്ക്

മഴയുടെ തേങ്ങൽ മായുമ്പോൾ
മിഴിയുടെ നനവ് വറ്റുമ്പോൾ
നാടിൻറെ കരച്ചിൽ തുടരുന്നു
എവിടെനിന്ന് തുടങ്ങണം എന്നറിയില്ല
എവിടെ അവസാനിപ്പിക്കണം എന്ന് അറിയില്ല
നീണ്ടുനിവർന്നു കിടക്കുന്ന ഗ്രാമം
തുടങ്ങിയാൽ തന്നെ എങ്ങനെ തുടങ്ങണം
എവിടെ നിന്നു തുടങ്ങണം
ഒന്നുമറിയാതെ ഞാനും ഈ തകർന്ന
ഗ്രാമവും മാത്രം
ഏറെ നേരം കഴിഞ്ഞു
ആരൊക്കെയോ വന്നു എന്തെല്ലാമോ
ചെയ്തു ഞാനും എൻറെ ഗ്രാമം
ഉയർത്തെണീറ്റു

ആദില ഫർഷാന


എന്താ മോളെ......
അമ്മേ ഒന്ന് ഇങ്ങ് വാ.....
നമ്മടെ കേരളം
നവകേരളം

## കൂട്ടുകാർ

കൂട്ടിലിരുന്ന ഒരു ഓമന പൈങ്കിളി
കുഞ്ഞു മിഴികൾ പുറത്തേക്കു നീട്ടി
കുന്നും മലകളും പാടവും കണ്ട് അവൾ
പാറിനടന്നു ചിരിച്ചു ലസിപ്പൂ
കുന്നിൻമുകളിലെ ഞാവൽമരം
ഞാവൽ മരത്തിൻ കനിയും
കുന്നിൻമുകളിലെ മുത്തശ്ശി കല്ലും
മയിലാടുന്നോരു താഴ്വരകളും
അവളുടെ കുഞ്ഞു മനസിനെ
ആനന്ദത്തിൽ ആറാടിച്ചു

അഖില കെ എ








## ശാന്തമായ രാവ്

ശാന്തമാണീ രാവ് ,സ്നേഹാർദ്രമാണീ രാവ്
എന്നിട്ടുമെന്തേ ഇന്നെനിക്ക് ഉറക്കം
വരാത്തത് എന്ത് ,ഇന്നെനിക്ക് മയങ്ങാൻ
കഴിയാത്തതെന്ത്?
അറിയുന്നു ഞാനിന്നെല്ലാമറിയുന്നു
ഉറക്കം വരാത്ത രാവിൽ ഞാനുണർന്നു സ്വപ്നം കാണുകയാണ് .
മിഴിതുറന്നു സ്വപ്നം കാണുകയാണ് ഞാൻ എൻ മനം
കൊതിച്ച പ്രേമ കാലത്തെ ഇന്ന്
പകലിൽ നീ സൂര്യനായിരുന്നു ഞാൻ നിൻ
പ്രിയ കമലമായിരുന്നു
രാവിലെ നിലാവാണ് എനിക്ക് ഞാനോ
നെയ്യാമ്പൽ പൂവും
നിന്നെ കണ്ടിരിക്കുമ്പോൾ വിടരുകയും
നീ അകലുമ്പോൾ പാടുകയും ചെയുന്ന നിൻ
പ്രിയ നെയ്യാമ്പൽ ഞാൻ

അഖില കെ എ



നവകേരള സൃഷ്ടി
- ചിത്രരചന
നിരഞ്ജന് ബിജു

മഴ



**നന്ദി**